ഉത്തരം

(എ) ഉണ്ട്.

(ബി) ധാരണാപത്രത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു†.

(സി) ഇവയെപ്പറ്റിയുള്ള ചർച്ചകളും പഠനങ്ങളും നടന്നുവരുന്നതേയുള്ളു.

(ഡി) ഇതിന്റെ ഫലമായി 100 കോടി മുതൽമുടക്കുള്ള ഒരു നിക്ഷേപകമ്പനി സ്ഥാപിക്കാനാണ് ഉദ്ദേശം. ഇതിൽ കേരള ഷാർജ സർക്കാരുകളും പ്രവാസിഭാരതീയരും മുതൽ മുടക്കും. ഈ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കേരളത്തിലും ഷാർജയിലും തുല്യമായി നിക്ഷേപിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. വിശദമായ പഠനം നടക്കുന്നതേയുള്ളു.

ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള നിക്ഷേപം

137 (1403) ശ്രീ. എ. കെ. മണി :

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 നവംബർ മാസത്തിൽ ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള നിക്ഷേപങ്ങൾ നേടുന്നതിന്റെ ഭാഗമായി ഗവൺമെന്റ് ഡൽഹിയിൽ നടത്തിയ പരിപാടിയിൽ എന്തെല്ലാം പദ്ധതികൾ അവതരിപ്പിക്കപ്പെട്ടു ;

(ബി) ഈ പദ്ധതികൾ ഓരോന്നും രൂപകല്പന ചെയ്തത് ആരാണ് ;

(സി) ഇതിനുവേണ്ടി എന്തു തുക ചെലവായി ;

(ഡി) ഈ പദ്ധതികൾ ഏറ്റെടുത്തു നടത്തുവാൻ എന്തെങ്കിലും ഓഫർ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരെല്ലാമാണ് ഓഫർ നൽകിയിട്ടുള്ളത് ;

(ഇ) ഈ ഓരോ പദ്ധതിക്കും പ്രതീക്ഷിക്കുന്ന ചെലവെത്രയാണ് ?

ഉത്തരം

(എ) കേരളത്തിന്റെ വ്യാവസായിക വളർച്ചയും വ്യവസായ നിക്ഷേപങ്ങൾക്ക് അനുകൂലമായ അന്തരീക്ഷവും സാഹചര്യവുമാണ് നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ളതെന്ന് തെളിയിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ നൽകി വരുന്ന വിവിധ സ്കീമുകൾ, ഇൻസെന്റീവുകൾ, ഗ്രാന്റുകൾ മറ്റ് ആനുകൂല്യങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയിട്ടുള്ള പൊതു അവതരണത്തിന്റെ ഭാഗമായി സംസ്ഥാനത്തു നിലവിലുള്ള ചില പദ്ധതികളുടെ സംക്ഷിപ്ത രൂപം അവതരണത്തിൽ നൽകുകയുണ്ടായി. ഇത് സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സമാഹരിച്ചതാണ്. പത്തു പദ്ധതികളാണ് അവിടെ അവതരിപ്പിക്കപ്പെട്ടത്. അവ താഴെ പറയുന്നവയാണ്.

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

സീരിയൽ നമ്പർ	പ്രോജക്ടിന്റെ പേര്	സ്ഥലം	അടങ്കൽ തുക (രൂ. കോടിയിൽ)
1.	പെട്രോ കെമിക്കൽ കോംപ്ലക്സ്	കാസർഗോഡ്	7000
2.	ബാന്റ് വിഡ്ത്ത് ഇൻവെസ്റ്റീവ് പ്രോജക്ട്	എറണാകുളം	1800
3.	ഡിറ്റുബി ഇന്റർനെറ്റ് പ്രോജക്ട്	തിരുവനന്തപുരം	100
4.	ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈ പ്രോജക്ട്	എറണാകുളം	250
5.	ഇന്റർനെറ്റ് ആന്റ് വിഡ്ത്ത് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട്.	എറണാകുളം	100
6.	ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈ പ്രോജക്ട്	പാലക്കാട്	200
7.	വാരാപ്പുഴ ഫോർലെയിൻ റോഡ്	എറണാകുളം	500
8.	ബ്രിഡ്ജ് പ്രോജക്ട് ഓവർ പെരിയാർ റിവർ	എറണാകുളം	50
9.	ഹൈടെക് ഐ.റ്റി. പാർക്ക്	എറണാകുളം	200
10.	ബയോ ടെക്നോളജി പാർക്ക്	തിരുവനന്തപുരം	450

(ബി) ഒന്നുമുതൽ 5 വരെയുള്ളവ കെ.എസ്.ഐ.ഡി.സി. യും ശേഷമുള്ള കിൻഫ്രയുമാണ്.

(സി) ഈ പദ്ധതികൾ രൂപകല്പന ചെയ്തത് പല വർഷങ്ങളായിട്ടാണ്. വ്യവസായ പ്രമോഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഉണ്ടാക്കിയവയാണ് ഈ പദ്ധതികളെല്ലാം. ആയതിനാൽ ഇവയ്ക്കുവേണ്ടി വന്ന ചെലവ് നിർണ്ണയിക്കാനാവില്ല.

(ഡി) പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിനുള്ള ഓഫറുകൾ ഏജൻസികൾക്ക് നേരിട്ടോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ വ്യവസായ വകുപ്പിന് നേരിട്ടോ നൽകാമെന്നാണ് പറഞ്ഞിട്ടുള്ളത്.

(ഇ) 'എ' യുടെ ഉത്തരം ശ്രദ്ധിച്ചാലും.

ട്രക്ക് നിർമ്മാണ ശാല

138 (1404) ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.എസ്.എ. ആസ്ഥാനമായുള്ള ഒരു എൻ.ആർ.ഐ. സ്ഥാപനം 1200 കോടി രൂപയുടെ മുതൽ മുടക്കിൽ ഒരു ട്രക്ക് നിർമ്മാണശാല മുൻ മലബാർ പ്രദേശത്ത് സ്ഥാപിക്കുന്നതിനായി മുന്നോട്ടുവന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly